LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമസഭാപ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി

72 (828) ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള ഓരോ വർഷവും എത്ര തവണ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട് ;

(ബി) ഓരോ തവണയും ചേർന്ന ഗ്രാമസഭകളിലെ സ്ത്രീപുരുഷ പങ്കാളിത്തത്തിന്റെ ജില്ലാതല ശരാശരി എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ ഗ്രാമസഭയും മുഖ്യമായും എന്ത് ആവശ്യത്തിന് വേണ്ടിയാണ് ചേർന്നത് ;

(ഡി) ഗ്രാമസഭാ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ഇ) ഗ്രാമസഭകൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നടത്താനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി നൽകുവാനും അവയ്ക്ക് നിയമപ്രാബല്യം നൽകുവാനും ഉദ്ദേശിക്കുന്നുണ്ടെങ്കിൽ എന്തെല്ലാം നടപടികൾ പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഗ്രാമസഭ ശക്തിപ്പെടുത്തുന്നതു സംബന്ധിച്ച് അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശകൾ പരിശോധിച്ചുവരുന്നു.

(ഇ) ഗ്രാമസഭ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് അധികാരവികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശകൾ പരിശോധിച്ചുവരുന്നു.

തൊഴിൽ നികുതി നിരക്ക് ഏകീകരണം

73 (829) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്ത് പ്രദേശങ്ങളിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലും തൊഴിൽ നികുതി വ്യത്യസ്ത നിരക്കിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.